**പ്രഫസർ അനിൽകുമാറിന്റെ ചോദ്യോത്തരവേള 345 – ശനിയാഴ്ച തോറും**

**നവംബർ 16, 2024 ശനി**

**പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ്**

**മലയാളം ഉൾപ്പടെ 8 ഇന്ത്യൻ ഭാഷകളിലും ഇറ്റാലിയൻ, സ്പാനിഷ് , റഷ്യൻ ഉൾപ്പടെ വിദേശഭാഷകളിലും ശനിയാഴ്ച തോറും**

# ഈശ്വരകൃപ

## DIVINE GRACE

പ്രഫസർ അനിൽകുമാർ കാമരാജു, അവിടുത്തെ സന്ദേശങ്ങളും ദൗത്യവും പ്രചരിപ്പിക്കുന്നതിനായി, ഭഗവാനാൽ തെരഞ്ഞെടുക്കപ്പെട്ടയാളാണ്. അദ്ദേഹം ഇന്ത്യയിലും വിദേശത്തും ധാരാളം യാത്രകൾ ചെയ്യുകയും സ്വാമിയുടെ ദിവ്യ പ്രഭാഷണങ്ങളുടെയും ഭഗവാനുമായുള്ള അദ്ദേഹത്തിന്റെ വ്യക്തിപരമായ ഇടപഴകലിന്റെയും അടിസ്ഥാനത്തിൽ, എണ്ണമറ്റ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും സംശയനിവാരണം നടത്തുകയും ചെയ്തിട്ടുണ്ട്.



ഏറ്റവും പ്രധാനമായി, ഉള്ളിലെ സായിയുമായി ബന്ധപ്പെടുന്നതെങ്ങനെ എന്ന് പ്രഫസർ അനിൽകുമാർ നമുക്ക് ഫലപ്രദമായ മാർഗനിർദ്ദേശം തരുന്നു.

**Q: കൃപ(Grace)യും ആശീർവാദവും(Blessings) തമ്മിലുള്ള വ്യത്യാസമെന്താണ്?**

**പ്രഫ. അനിൽകുമാർ**: വളരെ നല്ല ഒരു ചോദ്യം. നമുക്ക് പ്രാർത്ഥിക്കാനായേക്കും, "ബാബാ, എന്റെ പിറന്നാളിന് എന്നെ ആശീർവദിക്കേണമേ" അല്ലെങ്കിൽ, "ഭഗവാനേ, എന്റെ ബിസിനസ് സംരംഭത്തെ ആശീർവദിക്കേണമേ" അഥവാ "ഞങ്ങളുടെ വിവാ



ഹവാർഷികദിനത്തിന് ഞങ്ങളെ ആശീർവദിക്കേണമേ". നിങ്ങൾക്ക് ആവശ്യമുള്ളതും നിങ്ങൾക്ക് ആവശ്യമായി വരുമ്പോളൊക്കെ നിങ്ങൾ ചോദിക്കുന്നതുമായ ആശീർവാദങ്ങൾ. ആശീർവാദങ്ങൾ നിങ്ങൾ ചോദിക്കുകയാണ്, അവ ആവശ്യമാണെന്ന് നിങ്ങൾക്കു തോന്നുമ്പോൾ, അല്ലെങ്കിൽ,

നിങ്ങൾക്കതിന്റെ കുറവുണ്ടെന്ന് നിങ്ങൾക്കു തോന്നുമ്പോൾ. വ്യക്തമല്ലേ? അപ്പോൾ, ആശീർവാദങ്ങൾ(blessings) എന്നത് ചില പ്രത്യേക അവസരങ്ങളിൽ നിങ്ങൾ തേടുന്നതാണ്, നിങ്ങൾ ആവശ്യപ്പെടുന്നതാണ്.




ഒരു ആശീർവാദമെന്നത് നിങ്ങൾക്ക് ഒരു കാര്യത്തെപ്പറ്റി നിശ്ചയമില്ലാത്തപ്പോൾ നിങ്ങൾക്ക് ആവശ്യമുള്ളതാണ്, അതേസമയം കൃപ(Grace)യെന്നത് അനന്തമാണ്. കൃപ അപേക്ഷിക്കപ്പെടുകയോ ക്ഷണിക്കപ്പെടുകയോ തേടേണ്ടതോ അല്ല. കൃപ എന്തെങ്കിലും ഡിമാന്റ് കൂടാതെതന്നെ ശാശ്വതമായി ഉള്ളതാണ്. ഈശ്വരകൃപ സൂര്യപ്രകാശം പോലെയാണ്, അത് നമുക്ക് എല്ലായിടത്തും എല്ലാവർക്കും തുല്യമായി ലഭ്യമാണ്. അതുപോലെ, കൃപയെന്നത് തുടർച്ചയുള്ളതാണ്. കൃപ ശാശ്വതമാണ്. കൃപ തേടേണ്ടതോ തെരയേണ്ടതോ അല്ല, എന്തെന്നാൽ അത് എല്ലായ്പോഴും അവിടെയുണ്ട്.

**Q: കൃപയും ആശീർവാദവും സ്ഥായിയായാണോ അതോ അവ ഒരു നിശ്ചിത കാലം കഴിഞ്ഞ് അല്ലെങ്കിൽ ഏതാനും കർമ്മങ്ങൾക്കു ശേഷം അപ്രത്യക്ഷമാവുമോ?**

**പ്രഫ. അനിൽകുമാർ**: ഒരു ചെറിയ ഉദാഹരണമിതാ: ഞാൻ സ്വാമിയുടെ പ്രബോധനങ്ങൾ പിന്തുടരുന്നില്ലെങ്കിൽ, ശരി, എനിക്ക് അവിടുത്തെ ആശീർവാദങ്ങൾ(blessings) ലഭിച്ചേക്കില്ല, എന്നാൽ എനിക്ക് അവിടുത്തെ കൃപ( Grace) ഉണ്ടാവും.




ഒരു മകൻ അച്ഛന്റെ ആജ്ഞ അഥവാ ഉപദേശം അനുസരിക്കുന്നില്ല എങ്കിൽ അച്ഛൻ അവനെ പോക്കറ്റ് അലവൻസു കൊണ്ട് ആശീർവദിച്ചേക്കില്ല, പക്ഷേ അവന് അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ കൃപയുണ്ടാകും.

ഹോം വർക്ക് ചെയ്യാത്ത ഒരു വിദ്യാർത്ഥിക്ക് എന്റെ ആശീർവാദം ഉണ്ടാവില്ല. പരീക്ഷയിൽ അവൻ തോറ്റാൽ അവന് എന്റെ ആശീർവാദം ഉണ്ടാവില്ല. എന്നാൽ അവന് പരീക്ഷയിൽ അവൻ പാസ്സാകുന്നതു വരെ അവനെ സ്നേഹിച്ചു കൊണ്ടിരിക്കുന്ന അധ്യാപകന്റെ കൃപയുണ്ടാവും. അപ്പോൾ, കൃപയെന്നത് ഉദ്ദേശ്യരഹിതമാണ്, അതിനർത്ഥം അത് ലക്ഷ്യാധിഷ്ഠിതമോ ആവശ്യാധിഷ്ഠിതമോ അല്ല

എന്നാണ്; അതേ സമയം ആശീർവാദം നമ്മുടെ ചെയ്തികൾക്കനുസൃതമായി പിൻവലിക്കപ്പെടാവുന്നതാണ്.

ഇതാ മറ്റൊരു ദൃഷ്ടാന്തം. ഈ ഉദാഹരണത്തിൽ പരാമർശിക്കപ്പെടുന്ന വ്യക്തിയുടെ പേര് മര്യാദയോർത്തിട്ട് ഞാൻ വെളിപ്പെടുത്തുന്നില്ല. 15 വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമാണിത്. വളരെ വലിയ ഒരു മനുഷ്യനായിരുന്നു അദ്ദേഹം-അദ്ദേഹത്തിന്റെ തൊഴിലു കൊണ്ടും അദ്ദേഹത്തിന്റെ ആകാരം കൊണ്ടും-നാലു പേർക്ക് ഇരിക്കാവുന്ന സീറ്റ് അദ്ദേഹം കയ്യടക്കിയിരുന്നു!

ശരി, അദ്ദേഹം ഇവിടെ വന്നു. എനിക്ക് അദ്ദേഹത്തെ വളരെ നന്നായറിയാം. അദ്ദേഹം തീർച്ചയായും ഇന്ന് ജീവിച്ചിരിപ്പില്ല, പക്ഷേ അന്ന് വലിയ പദവിയിലായിരുന്നു അദ്ദേഹം. ഞാൻ പറഞ്ഞു, “സർ, അങ്ങയെ കണ്ടതിൽ വളരെ സന്തോഷം. അങ്ങ് വലിയ പദവിയിലാണെന്ന് ഞാൻ കേൾക്കാനിടയായി. എന്താണ് അങ്ങയെ ഇവിടെ എത്തിച്ചത്?”

അദ്ദേഹം പറഞ്ഞു, “ഞാനിവിടെ വന്നത് ഒരിക്കൽക്കൂടി വിവാഹിതനാവുന്നതിന് ഭഗവാന്റെ ആശീർവാദം തേടിയാണ്.”

“സർ, മാഡത്തിനെന്തു സംഭവിച്ചു?” അദ്ദേഹത്തിന്റെ ഭാര്യയെ പരാമർശിച്ചുകൊണ്ട് ഞാൻ തിരക്കി, കാരണം അദ്ദേഹം മുമ്പുതന്നെ വിവാഹിതനാണ്.



അദ്ദേഹം പറഞ്ഞു, “ഇതൊരു അഡീഷണൽ ഭാര്യയാവും.”

“ഒരു അഡീഷണൽ ഭാര്യ എന്തുകൊണ്ട്?”

“എന്റെ ഇപ്പോഴത്തെ ഭാര്യ കുറച്ചധികം ആദ്ധ്യാത്മികതയിലാണ്. അവളിവിടെയാണ് വളരെയധികം സമയം ചെലവിടുന്നത്, അതുകൊണ്ട് ആരെയെങ്കിലും അവിടെ ഇൻ-ചാർജായി എനിക്കാവശ്യമുണ്ട്.” (പ്രിൻസിപ്പാൾ ലീവെടുക്കുമ്പോൾ, വൈസ്-പ്രിൻസിപ്പാൾ ആവും ആ പദവിയിൽ!)

അപ്പോൾ ഞാൻ പറഞ്ഞു, “സർ, അങ്ങൊരു മഹാനായ മനുഷ്യനാണെന്നാണ് ഞാൻ കരുതിയത്. എന്നോട് ക്ഷമിക്കണം. എനിക്ക് താങ്കളെ കുറ്റപ്പെടുത്താനാവില്ല. അങ്ങൊരു മഹാനായ മനുഷ്യനാണെന്നു കരുതിയ എന്നെ കുറ്റപ്പെടുത്തിയാൽ മതിയല്ലോ. എന്റെ മനസ്സിൽ മേലിൽ അങ്ങയ്ക്ക് ആ സ്ഥാനമുണ്ടാവില്ല. സ്വാമി പല വട്ടം പറഞ്ഞിരിക്കുന്നു, “വൈഫ് ഈസ് നൈഫ്(Wife is knife).”

കുടുംബം കാരണമായി, നിങ്ങൾക്ക് കെട്ടുപിണച്ചിലുകളും നിരവധി ഉത്തരവാദിത്ത ങ്ങളുമാണ്. കുടുംബജീവിതത്തിന്റെ ചങ്ങലക്കെട്ടിനു പുറത്തു വന്ന് മീതെ ഉയരാ നായി ഭഗവാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. എന്നിട്ടും, ആദ്യ ഭാര്യ ഇപ്പോഴും ജീവിച്ചിരിക്കെ ഒരു രണ്ടാം വിവാഹ ത്തിനായി താങ്കൾ ആഗ്രഹിച്ചിട്ട് ബാബയുടെ ആശീർവാദ ത്തിനായി വന്നിരിക്കുകയാണ്!''




ഞാൻ പറഞ്ഞു, ''സർ, അടുത്ത ബസ്സോ ഒരു ടാക്സിയോ പിടിച്ച് സ്ഥലം വിടുന്നതാവും താങ്കൾക്കു നല്ലത് എന്തെന്നാൽ അവിടുന്ന് സേവാദ ളിന്റെ സഹായം തേടി താങ്കളെ പുറത്താക്കിയേക്കും!'' ഇത്തരം തുച്ഛമായ അപേക്ഷ കൾക്ക് ആശീർവാദമൊന്നും ഉണ്ടാവില്ല, ഞാൻ നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ.

നേരേ മറിച്ച്, നിങ്ങൾ പറയുകയാണ്, ''എനിക്ക് എന്റെയീ ജീവിതം മടുത്തു, ഞാൻ എന്റെ ജീവിതം സേവയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. എന്റെ പ്രഭോ, എന്റെ ശിഷ്ടജീവിതം അങ്ങയെ സേവിച്ച് കഴിച്ചുകൂട്ടാനായി ഞാൻ ആഗ്രഹിക്കുകയാണ്. വിരക്തിയിലും പരിത്യാഗത്തിലും വളരുന്നതിനായി എന്നെ സഹായിച്ചാലും,'' അപ്പോൾ, അതെ, നിങ്ങൾക്ക് അവിടുത്തെ ആശീർവാദം ഉണ്ടാവും.

നിങ്ങൾ പറയുകയാണ്, ''ഞാൻ കുടുംബജീവിതത്തിലേക്ക് കൂടുതൽ ആഴത്തിൽ പോകാനാഗ്രഹിക്കുകയാണ്.'' അവിടെ ആശീർവാദങ്ങൾ ഉണ്ടായേക്കില്ല. അതെന്തു തന്നെയായാലും, അവിടുത്തെ കൃപ അപ്പോഴും നിങ്ങളെ കാത്ത് അവിടെയുണ്ടാവും, ഒരു ദിവസം അല്ലെങ്കിൽ മറ്റൊരു ദിവസം, നിങ്ങൾ നിങ്ങളുടെ മുക്തിക്കായി പ്രവർത്തിക്കത്തക്കവണ്ണം. അതാണ് മറുപടി.

**Q: അവിടുത്തെ കൃപ എങ്ങനെ നേടും?**



**പ്രഫ. അനിൽകുമാർ**: ഒരു ലളിതമായ കാര്യം: ഇവിടെ സൂര്യൻ പ്രകാശിക്കുന്നു, അതെ! നിങ്ങൾ വിപരീത ദിശയിൽ നടക്കുകയാണെങ്കിൽ, നിങ്ങൾക്കു മുമ്പിലായി ഒരു നിഴലുണ്ടാ വും, ശരിയല്ലേ? സൂര്യനു നേരെ തിരിഞ്ഞിട്ട് അതിനഭിമുഖ മായി നടക്കുക; നിഴൽ നിങ്ങളുടെ പുറകിലാവും. നിങ്ങൾ സൂര്യനു വിപരീതമായി തിരിയുമ്പോൾ, നിഴൽ നിങ്ങളുടെ

മുമ്പിലാണ്. സൂര്യനു നേരെ നടക്കുമ്പോൾ, നിഴൽ നിങ്ങളുടെ പുറകിലാണ്.

ഇതേപോലെ, നിങ്ങൾ ഈശ്വരനെപ്പറ്റി ചിന്തിക്കുമ്പോൾ, നിങ്ങൾ അവിടുത്തെ കൃപ നേടുകയാണ്. നിങ്ങൾ ലോകത്തിനു നേരെ നടക്കുകയാണെങ്കിൽ, അവിടുത്തെ



കൃപ നിങ്ങൾക്ക് നിഷേധിക്കപ്പെടും. അത്ര മാത്രം. ഈശ്വരൻ സൂര്യനെപ്പോലെയാണ്! അവിടുന്നിനു നേർക്ക് നടക്കുക! അതാണ് കൃപ-കൂടുതൽ കൂടുതൽ പ്രകാശം. നിങ്ങൾ അവിടുന്നിനെതിരെ അഥവാ അകലത്തേക്ക് തിരിയുകയാണെന്നു വരികിൽ, നിങ്ങൾക്ക് നിങ്ങളുടെതന്നെ നിഴലിനെ പിന്തുടരേണ്ടിവരും. ഈ നിഴൽ മായയാണ്, മതിഭ്രമമാണ്, തെറ്റിദ്ധരിക്കപ്പെട്ട സ്വത്വമാണ്, മേൽച്ചാർത്താണ്, അഥവാ നിങ്ങൾക്കെന്തും വിളിക്കാവുന്നതാണ്.

**Q: ഒരുവന് എങ്ങനെ സ്വാമിയുടെ കൃപ ലഭിക്കും?**

**പ്രഫ. അനിൽകുമാർ**: ഒരു നല്ല ചോദ്യം. ഒരുവന് എങ്ങനെ സ്വാമിയുടെ കൃപ നേടും? എന്റെ സുഹൃത്തുക്കളേ, അത് നേടേണ്ട ഒരു കാര്യമല്ല. നിങ്ങൾക്ക് കടയിൽ പോയി അത് വാങ്ങാനാവില്ല.

ബ്രഡ് നമുക്ക് എങ്ങനെയാണ് കിട്ടുക? നാം ബേക്കറിയിൽ പോയി അത് വാങ്ങുന്നു. നമുക്ക് ഐസ് ക്രീം എങ്ങനെയാണ് കിട്ടുക? ഇവിടെ ഒരു ഐസ് ക്രീം പാർലർ




ഉണ്ട്. ഒരുവന് എങ്ങനെയാണ് ഈശ്വര കൃപ കിട്ടുക? അത് കിട്ടേണ്ട കാര്യമല്ല.

“ഓ! അങ്ങനെയോ! എന്തുകൊണ്ടല്ല?”

“അത് മുമ്പുതന്നെ അവിടെയുണ്ട്. ഈശ്വരകൃപ കിട്ടേണ്ട കാര്യമല്ല. അത് നേരത്തേതന്നെ അവിടെയുണ്ട്!”

“ഓ! അങ്ങനെയോ! അപ്പോൾ എന്തുകൊണ്ട് ഞാനത് അറിയുന്നില്ല?”

സ്വാമി ഈ ഉദാഹരണമാണ് തന്നിട്ടുള്ളത്: കുടിക്കാനായി നിങ്ങൾ നിങ്ങളുടെ കൈയിൽ വെള്ളം ശേഖരിക്കാൻ എന്താണ് ചെയ്യേണ്ടത്? നിങ്ങൾ ചരുവത്തിനടുത്ത് ചെല്ലുന്നു. നിങ്ങൾ നിങ്ങളുടെ കൈകൾ കമിഴ്ത്തിപ്പിടിച്ചാൽ ചരുവത്തിൽനിന്ന് വെള്ളം ശേഖരിക്കാൻ പറ്റില്ല. നിങ്ങൾ നിങ്ങളുടെ കൈവെള്ള ചേർത്തു പിടിച്ചാൽ,

നിങ്ങൾക്ക് വെള്ളം ശേഖരിക്കുകയും കുടിക്കുകയും ചെയ്യാം. ചരുവമുണ്ട്, വെള്ളവുമുണ്ട്. വെള്ളം തുടർച്ചയായി ഒഴുകുന്നുണ്ട്, പക്ഷേ അത് ശേഖരിക്കാനായി, നിങ്ങൾ കൈവെള്ള ചേർത്ത് മുകളിലേക്ക് കുമ്പിളാക്കി പിടിക്കേണ്ടതുണ്ട്.

ഇതേപോലെ, കൃപ എല്ലായ്പോഴും അവിടെയുണ്ട്, വെള്ളത്തിന്റെ തുടർച്ചയായ ഒഴുക്കു പോലെ, പക്ഷേ നിങ്ങളുടെ ഹൃദയം കമിഴ്ത്തി പിടിച്ചാൽ നിങ്ങൾക്ക് കൃപ അനുഭവിക്കാനാവില്ല. കൃപ നേരത്തേതന്നെ അവിടെയുണ്ട്. അതാണ് ഭഗവാൻ തന്നിട്ടുള്ള ഉദാഹരണം, ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നതിന് ആഗ്രഹിക്കുന്നത്.



ഭഗവാൻ, അവിടുത്തെ കൃപ ഞങ്ങളുടെ കൂടെയുണ്ടെന്ന് ഞങ്ങൾക്ക് ബോധ്യമാവട്ടെ. അവിടുത്തെ കൃപാവർഷം ശേഖരിക്കാനായി, അത് നിലനിർത്താനായി, ഞങ്ങൾ ഞങ്ങളുടെ ഹൃദയം അവിടുന്നിനു നേരെ തിരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയം പോസിറ്റീവാകട്ടെ. അതാണ് നാം ചെയ്യേണ്ടത്.




പ്രഫസർ അനിൽകുമാർ കൂടുതൽ ദിവ്യ വെളിപാടുകളുമായി അടുത്ത ലക്കത്തിൽ നമ്മെ പ്രചോദിപ്പിക്കും.

നിങ്ങളുടെ സമയത്തിന് നന്ദി.
ഓം സായിരാം.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു** – (*Seeking Within* പേജ് 63–68)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)